# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *315** — **17/10/2016-ൽ മറുപടിക്ക്**

### ജൻ ഔഷധി സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൽദോസ് കുന്നപ്പിള്ളി**<br>,, **തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>,, **ഐ.സി.ബാലകൃഷ്ണൻ**<br>,, **അനിൽ അക്കര** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജൻ ഔഷധി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | എ) | സർക്കാർ ആശുപത്രികളോടനുബന്ധിച്ച് 300 " ജൻ ഔഷധി സ്റ്റോറുകൾ" തുടങ്ങുന്നതിന് കേന്ദ്ര ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള ബ്യൂറോ ഓഫ് ഫാർമ പബ്ലിക്ക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ (BPPI) യും സംസ്ഥാന ഫാർമസി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള "ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരള"യുമായി ധാരണാപത്രം കൈമാറിയിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്റ്റോറുകളുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിയെ ഏല്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി) | ഫാർമസി കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ഓഫ് കേരളയെയാണ് നടത്തിപ്പ് ചുമതല ഏല്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. |
| സി) | ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) | ഉണ്ട്. ഇത്യ സംബന്ധിച്ച ധാരണാപത്രം 23/09/2016 ന് മസ്കറ്റ് ഹോട്ടലിൽ വച്ച് നടന്ന ചടങ്ങിൽ BPPI-CEO ശ്രീ.ബിപ്ലബ് ചാറ്റർജിയും, ഫാർമസ്യൂട്ടിക്കൽ സൊസൈറ്റി ചെയർമാനും തമ്മിൽ കൈമാറിയിട്ടുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**